I/89735/2023

**വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. പ്രിയങ്ക.ജി, ഐ.എ.എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് – ക്ഷേമ സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് I തസ്തികകളിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച ഉത്തരവ് - അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 05.12.2020 ലെ DWCD/3472/2022-E8 നം ഗസറ്റ് വിജ്ഞാപനം.

2. 27.01.2023-ലെ ഇതേ നം നടപടിക്രമങ്ങൾ.

**<u>ഉത്തരവ് നം. DWCD/1934/2022-E9 തീയതി: 29-03-2023</u>**

ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ 2022 വർഷത്തെ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്നുള്ള 6 ഒഴിവുകളിലേയ്ക്കും ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നുള്ള 2 ഒഴിവുകളിലേയ്ക്കും യോഗ്യരായ ജീവനക്കാരെ ഉൾപ്പെടുത്തികൊണ്ടുള്ള സെലക്ട് ലിസ്റ്റിന്റെ വിജ്ഞാപനം പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലെ ജീവനക്കാരിയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചും, ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെയും ജൂനിയർ സൂപ്രണ്ട് തസ്തികയിലെയും ജീവനക്കാർക്ക് ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത ഉത്തരവിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ നിന്നുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിനായി സംവരണം ചെയ്തിട്ടുള്ള 11 തസ്തികകളിൽ 7 ഒഴിവുകളെന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ പ്രസ്തുത കാലയളവിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിൽ 6 ഒഴിവ് മാത്രമേ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർക്കായി നിലവിലുണ്ടായിരുന്നുള്ളൂ.

മേൽ സാഹചര്യത്തിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് I / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് I തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചുകൊണ്ടുള്ള പരാമർശം (2) ലെ ഉത്തരവിൽ ക്ഷേമ സ്ഥാപന സൂപ്രണ്ട് ഗ്രേഡ് II / ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലെ ജീവനക്കാർ ക്കായി 7 ഒഴിവുണ്ടെന്നു രേഖപ്പെടുത്തിയിരുന്നതു 6 ഒഴിവുകളെന്നു ഭേദഗതിചെയ്ത് ഉത്തരവാകുന്നു.

മേൽ ഭേദഗതികളോടെ പരാമർശം (2) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

പ്രിയങ്ക ജി, ഐ.എ.എസ്

**വനിത ശിശുവികസന ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള (ആമുഖ കത്ത് സഹിതം)
2. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്
3. സൂപ്രണ്ട് ഐ.റ്റി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

**Signed by Priyanka G**
**Date: 29-03-2023 19:40:23**